1609
6/2/15

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് - സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഡോക്യുമെന്ററി നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ(സാധാ)നം.62 /2015/സാനീവ** **തീയതി,തിരുവനന്തപുരം. 05.02.2015**

---

**പരാമർശം :** സാമൂഹ്യനീതി ഡയറക്ടറുടെ 01.01.2014 ലെയും 17.10.2014 ലെയും ഐ.സി.ഡി.എസ്/ എ4-40131/13 നമ്പർ കത്ത്.

**ഉത്തരവ്**

സംയോജിത ശിശു വികസന പദ്ധതിയിലെ വിവിധ ഘടകങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒരു ഡോക്യുമെന്ററി നിർമ്മിച്ച് ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്യുന്നതു വളരെ മെച്ചമായിരിക്കുമെന്നും 28 മിനിട്ട് ദൈർഘ്യമുള്ള ഡോക്യുമെന്ററി തയ്യാറാക്കി ദൂരദർശനിലൂടെ സംപ്രേഷണം ചെയ്യുന്നതിന് ഷീജാ കമ്മ്യൂണിക്കേഷൻസ് 35,000/- രൂപ ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഇപ്രകാരം 7 ഡോക്യുമെന്ററികൾക്കായി 2,45,000/- രൂപ നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-02-102-98-34(P) (other charges) എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കണമെന്നും പരാമർശ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംയോജിത ശിശു വികസന സേവന പദ്ധതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഡോക്യുമെന്ററി നിർമ്മിച്ച് ദൂരദർശനിലൂടെ സംപ്രേഷണം ചെയ്യുന്നതിന് 2,45,000/- രൂപ (രണ്ട് ലക്ഷത്തി നാല്പത്തയ്യായിരം രൂപ മാത്രം) '2235-02-102-98-34(P)(other charges)' എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(3) മേല്പറഞ്ഞ തുകയ്ക്ക് അനുയോജ്യമായ ഗുണനിലവാരം ഡോക്യുമെന്ററിയിൽ ഉറപ്പുവരുത്തുന്നതിന് വീഡിയോ നിർമ്മാണ വൈദഗ്ധ്യമുള്ള ഒരാളും ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രോഗ്രാം പ്രൊഡ്യൂസറും അടങ്ങുന്ന ഒരു സാങ്കേതിക സമിതി സാമൂഹ്യനീതി ഡയറക്ടർ രൂപീകരിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി.
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (19.12.2014 ലെ 99681/ww3/14/fin നമ്പർ അനൗദ്യോഗിക കുറിപ്പ്)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (15.11.2014 ലെ 8920/എ2/2014/ പ്ലാനിംഗ് നമ്പർ അനൗദ്യോഗിക കുറിപ്പ്)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (20.03.2014 ലെ 3277/E1/2014/I&PR നമ്പർ അനൗദ്യോഗിക കുറിപ്പ്)
✓വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ